**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കടമുറി ലേലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കടമുറികൾ പൂർണ്ണമായും ലേലം ചെയ്ത് നൽകിയിട്ടുണ്ടോ; | (എ) | ഭാഗികമായി ലേലം ചെയ്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവ തുറന്നു പ്രവർത്തിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന് ബലക്ഷയം ഉണ്ടെന്ന ഐ.ഐ.ടി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Repair & Rehabilitation ജോലികൾ കഴിഞ്ഞതിന് ശേഷം മാത്രമേ തുറന്ന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത ബസ് സ്റ്റാൻഡ് കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ബലക്ഷയം സംബന്ധിച്ച് പരിശോധന നടത്താൻ കെ.റ്റി.ഡി.എഫ്.സി. മദ്രാസ് ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിടം പരിശോധിച്ച ഐ.ഐ.റ്റി. 32.70 കോടി (GST ഉൾപ്പെടെ) രൂപയുടെ റിപ്പയർ വർക്കിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ lessee M/s. അലിഫ് ബിൽഡേഴ്സ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 32457/2023 ഹർജിയുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ മീറ്റിംഗുകളിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. എഗ്രിമെന്റ വ്യവസ്ഥകൾ പ്രകാരം lessee ആണ് റിപ്പയർ വർക്കുകൾ ചെയ്യേണ്ടത്. ഇക്കാര്യം Lessee (M/s. അലിഫ് ബിൽഡേഴ്സ്)-യെ അറിയിക്കേണ്ടതാണ്.<br><br>2. CTE-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പയർ വർക്കിനായി ഒരു സ്ട്രക്ച്റൽ എക്സ്പേർട്ടിനെ ഒരുമാസത്തിനകം Lessee ചുമതലപ്പെടുത്തേണ്ടതും എന്തൊക്കെ റിപ്പയർ ആണ് ആവശ്യമെന്ന് സ്ട്രക്ച്ചറൽ എക്സ്പേർട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | 3. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുന്നത് പ്രകാരം റിപ്പയർ വർക്ക് ചെയ്യാവുന്നതാണ്. അതിനുശേഷം കെട്ടിടം Lessee-ക്ക് Occupy ചെയ്യാവുന്നതാണ്.<br><br>ഈ തീരുമാനങ്ങൾ lessee യെ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ